# പതിനാലാം കേരള നിയമസഭ
# പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2419 12.02.2020-ൽ മറുപടിക്ക്**

## കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ

| ചോദ്യം<br>ശ്രീ.ജി.എസ്.ജയലാൽ | ഉത്തരം<br>ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) |
|---|---|
| (എ) ചാത്തന്നൂരിൽ പ്രവർത്തിക്കുന്ന കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിന്റെ നവീകരണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം 27.09. 2018-ൽ കഴിഞ്ഞിട്ടും നവീകരണ ജോലികൾ നാളിതുവരെ ആരംഭിക്കാത്തതിന്റെ കാരണ മെന്താണെന്ന് വ്യക്തമാക്കാമോ;<br><br>(ബി) പ്രസ്തുത മിൽ നവീകരണ ജോലികൾ എപ്പോൾ ആരംഭിച്ച് പൂർത്തിയാക്കാൻ കഴിയുമെന്ന് വിശദമാക്കാമോ;<br><br>(സി) തൊഴിലാളികൾക്ക് നൽകാനുള്ള ലേ ഓഫ് വേതനമടക്കമുള്ള ആനുകൂല്യങ്ങളിൽ വന്നിട്ടുള്ള കുടിശ്ശിക തീർത്തുനൽകുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) (ബി) (സി) & (ഡി) കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിലെ വളരെ പഴക്കം ചെന്ന മെഷീനുകൾ മാറ്റി പകരം പുതിയ മെഷീനുകൾ സ്ഥാപിച്ച് മില്ലിന്റെ ഉൽപാദനശേഷി കൂട്ടുന്നതിനും ഗുണമേന്മയുള്ള നൂൽ ഉൽപാദിപ്പിച്ച് മെച്ചപ്പെട്ട രീതിയിൽ മിൽ പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ നവീകരിക്കുന്നതിലേക്കായി 57.39 കോടി രൂപയുടെ പുതുക്കിയ പദ്ധതി റിപ്പോർട്ട് എൻ.സി.ഡി.സി.ക്ക് സമർപ്പിക്കുകയും ആയതിന് എൻ.സി.ഡി.സി.യുടെ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. 45.19 കോടി രൂപ എൻ.സി.ഡി.സി അനുവദിച്ച് നൽകുകയും ഇതിൽ 2094.75 ലക്ഷം രൂപ മില്ലിന് നാളിതുവരെ നൽകിയിട്ടുമുണ്ട്. ആയതിൽ നിന്നും 350 ലക്ഷം രൂപ ലോണായി കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന് അടിയന്തിരമായി നൽകുകയുണ്ടായി. ഈ തുക അടിയന്തിരമായി ടെക്സ്ഫെഡിനു തിരിച്ചു നൽകുന്നതിനു കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. മില്ലിന് അനുവദിച്ചു നൽകിയിട്ടുള്ള 2094.75 ലക്ഷം രൂപയിൽ 1242.76 ലക്ഷം രൂപ നവീകരണപദ്ധതിയുടെ ആദ്യഘട്ടമായി 7290 സ്പിന്റിൽ സ്ഥാപിക്കുന്നതിനുള്ള സിവിൽവർക്കിനും അനുബന്ധമെഷീനറികൾ വാങ്ങുന്നതിനുമായും ബാക്കി തുകയായ 501.99 ലക്ഷം രൂപ പ്രവർത്തന മൂലധനമായും മിൽ വിനിയോഗിച്ചു. |

(ഡി) നവീകരണ ജോലികൾ പൂർത്തിയാക്കി പ്രസ്തുത മിൽ അടിയന്തിരമായി തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

27.09.2018 മുതൽ കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ പൂർണ്ണമായും ലേ-ഓഫിലാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മില്ലിന് നാളിതു വരെ 1078.46 ലക്ഷം രൂപ പ്രവർത്തന മൂലധനമായി അനുവദിച്ചു നൽകിയിട്ടുണ്ട്. പ്രസ്തുത തുക മില്ലിന്റെ ദൈനംദിന ചെലവുകൾക്കും തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി, ഇ.എസ്.ഐ, പി.എഫ്, ലേ-ഓഫ് ആനുകൂല്യം (ഒക്ടോബർ 2018 മുതൽ ആഗസ്റ്റ് 2019 വരെ) എന്നിവ നൽകുന്നതിനായി വിനിയോഗിച്ചിട്ടുണ്ട്.

ഈ സാമ്പത്തിക വർഷത്തിൽ മില്ലിന് അനുവദിച്ചു നൽകിയ 250 ലക്ഷം രൂപയിൽ നിന്നും സിവിൽ വർക്കിനായി 21.25 ലക്ഷം രൂപയും ഫാൾസ് സീലിംഗ് വർക്കിനായി 7 ലക്ഷം രൂപയും മെഷനറികളും മറ്റ് അനുബന്ധ ചെലവുകൾക്കായി 221.75 ലക്ഷം രൂപയും മിൽ വിനിയോഗിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വാർഷിക ബഡ്ജറ്റിൽ മില്ലിന് അനുവദിച്ചിരിക്കുന്ന ബാക്കി തുകയായ 525 ലക്ഷം രൂപ അനുവദിച്ചു നൽകുന്നതോടെ 7290 സ്പിന്റിൽ പൂർണ്ണമായും സ്ഥാപിച്ച് നവീകരണം പൂർത്തീകരിച്ച് കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ പ്രവർത്തന ക്ഷമമാക്കുവാൻ സാധിക്കുന്നതാണെന്നാണ് പ്രതീക്ഷിക്കുന്നത്.

**സെക്ഷൻ ഓഫീസർ**